# വൃക്ഷങ്ങൾ

**ഹെർമൻ ഹെസ്സെ**

വൃക്ഷങ്ങൾ നമുക്ക് നല്കുന്നത് മനസിലേക്ക് വളരെ ആഴത്തിൽ ചെല്ലുന്ന ഉപദേശങ്ങളാണ് എന്നെനിക്ക് തോന്നുന്നു. വൃക്ഷങ്ങൾ തോട്ടങ്ങളിലോ, കാടുകളിലോ കൂട്ടത്തോടെ നിൽക്കുമ്പോൾ ഞാൻ അവയെ ആദരിക്കുന്നു. എന്നാൽ അവ ഒറ്റയ്ക്ക് നില്ക്കുമ്പോഴാണ് ഞാനവയെ ഏറ്റവുമധികം ആരാധിക്കുന്നത്. അപ്പോൾ അവ ഏകാകിളായ വ്യക്തികളെപ്പോലെയാണ്. ബലഹീനതകളിൽനിന്നും രക്ഷപ്പെടാനായി ഓടിപ്പോകുന്ന സന്യാസിമാരെപ്പോലെയല്ല, ബീഥോവനേയോ, നിഷേയേയോ പോലുള്ള മഹാന്മാരായ ഒറ്റയാൻമാരെപ്പോലെ. അവയുടെ ഉയർന്ന ശിഖരങ്ങളിൽ ഈ പ്രപഞ്ചം മർമ്മരശബ്ദമുണ്ടാക്കുന്നു. ആ വേരുകൾ അനന്തതയിലാണ് കിടക്കുന്നു. പക്ഷേ അവർ അവിടെ അവസാനിക്കുന്നില്ല. തങ്ങളുടെ ജീവിതത്തിലെ സർവശക്തിയും ഉപയോഗിച്ച് ഒരു കാര്യത്തിന് വേണ്ടി അവർ നിരന്തരം അധ്വാനിക്കുന്നു. അവരുടേതായ നിയമങ്ങൾക്കനുസൃതമായി സ്വജീവിതം സഫലീകരിക്കാൻ ആത്മീയമായി ഉയരാൻ, സ്വയം മാതൃകയാവാൻ സുന്ദരനും ബലവാനുമായ ഒരു വൃക്ഷത്തേക്കാളും അനുകരണാർഹമായി, പവിത്രമായി മറ്റൊന്നും തന്നെയില്ല. വെട്ടിയിട്ട ഒരു വൃക്ഷം തന്റെ മരണകാരണമായ, നഗ്നമായ മുറിവ് സൂര്യന് കാട്ടികൊടുക്കുമ്പോൾ, കാണ്ഡത്തിന്റെ തേജോമയമായ വൃത്തത്തിൽ അതിന്റെ ചരിത്രം മുഴുവനും രേഖപ്പെടുത്തിയിരിക്കുന്നത് ഒരാൾക്ക് വായിക്കാം. അതിന് ഓരോ ഋതുക്കളും നല്കിയ വലയങ്ങളിൽ, ആ വടുക്കളിൽ, വൃക്ഷം തരണം ചെയ്ത എല്ലാ സമരങ്ങളുടെയും വേദനകളുടേയും കഥ കാണാം. മാത്രമല്ല, എല്ലാ സന്തോഷങ്ങളുടേയും സുവർണകാലങ്ങളുടേയും ചരിത്രം കൂടി അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. വരൾച്ചയുടേയും സമൃദ്ധിയുടേയും കാലത്തിന്റെ, ആഞ്ഞടിച്ച കൊടുങ്കാറ്റുകളുടെ, എല്ലാ പ്രകൃതിക്ഷോഭങ്ങളുടേയും കഥ. ഏറ്റവും ബലമുള്ള, ശ്രേഷ്ഠമായ തടിയുടെ കാണ്ഡവലയങ്ങൾ വീതികുറഞ്ഞതായിരിക്കുമെന്ന് ഏതൊരു കർഷകബാലനുമറിയാം. അങ്ങകലെ പർവതങ്ങളുടെ ചാരത്ത് അപകടംപിടിച്ച സ്ഥലങ്ങളിലാണ് നശിപ്പിക്കാൻ പ്രയാസമുള്ള ബലമുള്ള വിശിഷ്ടവൃക്ഷങ്ങൾ വളരുന്നതെന്നും അവനറിയാം.

വൃക്ഷങ്ങൾ പവിത്രമായവ തന്നെയാണ്. നമുക്കെപ്പോഴും അഭയം തേടാവുന്ന സ്ഥലങ്ങൾ. അവയോട് സംസാരിക്കാനറിയുന്നവർക്ക് അവയുടെ ഭാഷ മനസിലാക്കാനറിയുന്നവർക്ക് സത്യങ്ങൾ പഠിക്കാം. മരങ്ങൾ പാണ്ഡിത്യവും ആദർശവുമല്ല വിളമ്പുന്നത്. ഭയരഹിതരായ അവർ ജീവിതത്തിന്റെ ആ പൗരാണികമായ തത്ത്വമാണ് വിളിച്ചുപറയുന്നത്.

ഒരു ചിന്തയുടെ അഥവാ സത്തയുടെ ഒരഗ്നിശകലം തന്നിലൊളിഞ്ഞിരിക്കുന്നു എന്നാണ് ഒരു വൃക്ഷം പറയുന്നത്. "ആ അനശ്വരമായ ജീവനിൽനിന്നുള്ള പൊടിപ്പാണ് ഞാൻ. നിത്യയായ ആ അമ്മ എനിക്കൊപ്പം അനുഭവിച്ച ശ്രമവും സാഹസവും അതുല്യമാണ്. എന്റെ രൂപം, എന്റെ സിരകൾ, എന്റെ ശിഖരങ്ങളിലെ ഇലകളുടെ നേർത്ത ചലനം, എന്റെ പുറത്തെ ചെറിയൊരു പാട് പോലും അതുല്യമാണ്. എന്നെക്കൊണ്ടാവുന്നപോലെ എളിയരീതിയിലെങ്കിലും ശാശ്വതമായ ഈ സത്യം വിളിച്ചറിയിക്കുവാൻ ആണ് എനിക്ക് ജന്മം നല്കപ്പെട്ടിരിക്കുന്നത്."

വൃക്ഷം പറയുന്നു, എന്റെ ശക്തി വിശ്വാസത്തിലാണെന്ന്. എന്റെ പിതാക്കളെക്കുറിച്ചോ, ഓരോ വർഷവും എന്നിൽനിന്നും പൊട്ടിമുളയ്ക്കുന്ന ആയിരക്കണക്കിന് പൈതങ്ങളെക്കുറിച്ചോ എനിക്കൊന്നുമറിയില്ല. എനിക്ക് കാരണമായ വിത്തിന്റെ രഹസ്യമാണ് ഞാൻ ജീവിച്ചു തീർക്കുന്നത്. അതല്ലാതെ മറ്റൊന്നിനെക്കുറിച്ചും ഞാൻ ചിന്തിക്കുന്നേയില്ല. ഈശ്വരൻ എന്നിൽതന്നെയുണ്ടെന്നും, എന്റെ പ്രവൃത്തി വിശുദ്ധമാണെന്നും ഞാൻ വിശ്വസിക്കുന്നു. ഈ വിശ്വാസത്തിന്മേലാണ് ഞാൻ നിലനിൽക്കുന്നത്.

ദുഃഖം നമ്മുടെ ജീവിതത്തെ ദുഃസഹമാക്കി തീർക്കുമ്പോൾ വൃക്ഷങ്ങൾക്ക് നമ്മോട് ചിലത് പറയാനുണ്ട്. ശാന്തരാവുക! ശാന്തരാവുക! എന്നെ നോക്കൂ. ജീവിതം അത്ര സുഖകരമല്ല. പക്ഷേ പ്രയാസമുള്ളതുമല്ല. അതൊക്കെ ബാലിശ ചിന്തകളല്ലേ? നിങ്ങളുടെ ഉള്ളിൽനിന്നും ഈശ്വരനെ സംസാരിക്കാൻ അനുവദിക്കൂ. അപ്പോൾ മനസ് നിശബ്ദമാകും. നിങ്ങളുടെ പാതകൾ അമ്മയിൽനിന്ന്, ഗൃഹത്തിൽനിന്ന് അകലേക്ക് നയിക്കുന്നതിനാലാണ് നിങ്ങൾ ദുഃഖിക്കുന്നത്. പക്ഷേ ഓരോ ചുവടുവയ്പും ഓരോ ദിനവും നിങ്ങളെ അമ്മയുടെ അടുത്തേക്കു തന്നെയാണ് തിരികെകൊണ്ടുചെല്ലുന്നത്. നിങ്ങളുടെ ഗൃഹം ഇവിടെയോ, അവിടെയോ അല്ല. അത് നിങ്ങളുടെ ഉള്ളിൽതന്നെയാണ്. അവിടെയില്ലെങ്കിൽ മറ്റൊരിടത്തുമില്ല.

സന്ധ്യയ്ക്ക് കാറ്റ് വൃക്ഷശിഖരങ്ങളിൽ മർമ്മമുണ്ടാക്കുമ്പോൾ അലഞ്ഞുതിരിയാനുള്ള അഭിനിവേശം എന്നെ വേദനിപ്പിക്കുന്നു. നിശബ്ദനായി ഏറെ സമയം അത് ശ്രദ്ധിക്കുകയാണെങ്കിൽ ഈ അഭിനിവേശം, അതിന്റെ സത്ത എന്താണെന്ന് നമുക്ക് മനസിലാകും. അത് തന്റെ ദുഃഖങ്ങളിൽനിന്നുമുള്ള ഒരു രക്ഷപ്പെടലിന്റെ കാര്യം ആണെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ അങ്ങനെയല്ല. സ്വന്തം ഗൃഹത്തിലെത്താനുള്ള, അമ്മയുടെ സാമീപ്യമറിയാനുള്ള, ജീവിതത്തിന് പുതിയ അർത്ഥം കണ്ടെത്താനുള്ള അതിയായ ആശയാണത്. അത് ഗൃഹത്തിലേക്ക് നയിക്കുന്നു. എല്ലാ ചുവടുവയ്പും ജനനം തന്നെയാണ്, മരണവും. എല്ലാ ശവക്കുഴികളും അമ്മയാണ്.

സന്ധ്യയ്ക്ക് ബാലിശമായ ചിന്തകളാൽ ഖിന്നനായി നിങ്ങൾ നില്ക്കുമ്പോൾ വൃക്ഷം മർമ്മരശബ്ദമുണ്ടാക്കുന്നു. . നമ്മേക്കാളും ആയുർദൈർഘ്യമുള്ളതുപോലെ തന്നെ വൃക്ഷങ്ങൾക്ക് സുദീർഘമായ ചിന്തകളാണ് ഉള്ളത്. അവയ്ക്ക് കടമയുണ്ട്. അത് ഏറെവിശ്രമം നല്കുന്നു. നാം അവയിൽനിന്നും അതൊക്കെ പഠിക്കാത്തിടത്തോളംകാലം വൃക്ഷങ്ങൾ നമ്മേക്കാളും ബുദ്ധിശാലികളാണ്. പക്ഷേ അവയിൽനിന്നും എങ്ങനെ പഠിക്കണം എന്ന് നാമറിയുമ്പോൾ നമ്മുടെ ചിന്തകൾ അവയുടെ സംക്ഷിപ്തതയും തിടുക്കവും ബാലിശമായ വിചാരശൂന്യതയും വെടിഞ്ഞ് അവാച്യമായ ആനന്ദത്തിലേക്കുയരുന്നു. ഒരു വൃക്ഷത്തിന്റെ ഭാഷ മനസിലാക്കാവുന്ന ഒരാൾ ഒരു വൃക്ഷമാകാൻ ആഗ്രഹിക്കുകയില്ല. താൻ എന്താണോ അതല്ലാതെ മറ്റൊന്നും തന്നെ ആകാൻ ആഗ്രഹിക്കുകയില്ല. അതാണ് തന്റെ ഗൃഹം. അതാണ് ആനന്ദവും.

(വിവർത്തനം: ആർ. രാമൻനായർ)

(കടപ്പാട്: സൂചീമുഖി)